**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1063** **07-12-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മലയോര മേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 2021 ജൂൺ മുതൽ നാളിതുവരെ ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; ജീവഹാനി, കൃഷിനാശം എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ജൂൺ 2021 മുതൽ നാളിതുവരെ മനുഷ്യ-വന്യജീവി സംഘർഷംമൂലം ജീവഹാനി, കൃഷിനാശം എന്നിവ സംബന്ധിച്ച് 8827 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ സർക്കിൾ തിരിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | വിവിധ വനമേഖലകളോട് ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള സംരക്ഷണ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | വനാതിർത്തിയിൽനിന്ന് വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് കടക്കുന്നത് നിരീക്ഷിക്കുന്നതിന് ജീവനക്കാരും വാച്ചർമാരും, ഇക്കോഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളും നിതാന്ത ജാഗ്രത പുലർത്തി വരുന്നുണ്ട്. ജനവാസ മേഖലകളിൽ വന്യജീവി സാന്നിദ്ധ്യത്തെപ്പറ്റി പൊതുജനങ്ങൾക്ക് അടിയന്തിര സന്ദേശം ലഭിക്കുന്നതിന് എസ്.എം.എസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ക്യാമറ ട്രാപ്പ്, റിയൽ ടൈം മോണിറ്ററിംഗ് എന്നീ സംവിധാനങ്ങളും ഉപയോഗിച്ച വരുന്നുണ്ട്. കൂടാതെ വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി സൗരോർജ്ജ വേലി, ആന പ്രതിരോധ കിടങ്ങ്, എലിഫന്റ് പ്രൂഫ് വാൾ, സോളാർ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് പരിപാലിച്ച് വരുന്നു. ആർ.ആർ.റ്റി, ഫീൽഡ് സ്റ്റാഫ് എന്നിവരുടെ ശ്രമകരമായ പട്രോളിംഗിലൂടെ ജനവാസ മേഖലകളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ വനത്തിനകത്തേക്ക് തിരികെ അയക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഓരോ വനമേഖലയുടെയും ആവാഹന ശേഷി സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഒരു | (ഡി) | പെരിയാർ ടൈഗർ റിസർവ്വിൽ കടുവകളുടെ ആവാഹനശേഷി സംബന്ധിച്ച പഠനം |

| | | | | |
|---|---|---|---|---|
| | വനമേഖലയുടെ താങ്ങൽശേഷിയിൽ കൂടുതൽ പെരുകുന്ന വന്യമൃഗങ്ങളെ നിർമ്മാർജനം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | | | നടത്തിയിട്ടുള്ളതും, വിശദാംശങ്ങൾ അംഗീകൃത ടൈഗർ കൺസർവേഷൻ പ്ലാനിൽ ചാപ്റ്റർ സി-3 (3.11) (2020-21 മുതൽ 2030-31 വരെ) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ പഠനം അല്ലാതെ ആവാഹനശേഷി സംബന്ധിച്ച മറ്റു പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ജനവാസ മേഖലകളിലേക്കിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉൻമൂലനം ചെയ്യുന്നതിനായി 28.05.2022 ലെ സർക്കാർ ഉത്തരവ് (കൈ) നം. 29/2022/വനം ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31.05.2022 ലെ KFDHQ/3331/2021-CWW/WL11 നം ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| സർക്കിൾ | മരണം | കൃഷിനാശം |
|---|---|---|
| അഗസ്ത്യവനം | 1 | 16 |
| വൈൽഡ്ലൈഫ്, കോട്ടയം | 2 | 67 |
| വൈൽഡ്ലൈഫ്, പാലക്കാട് | 1 | 963 |
| സതേൺ സർക്കിൾ | 30 | 1252 |
| ഹൈറെയിഞ്ച് സർക്കിൾ | 17 | 512 |
| സെൻട്രൽ സർക്കിൾ | 10 | 991 |
| ഈസ്റ്റേൺ സർക്കിൾ | 43 | 1156 |
| നോർതേൺ സർക്കിൾ | 18 | 3748 |
| **ആകെ** | **122** | **8705** |